# സാമൂഹിക പ്രത്യാഘാത പഠനം

## ചിലവന്നൂർ കനാൽ വികസനം

പൂണിത്തുറ, എളംകുളം വില്ലേജുകൾ, കണയന്നൂർ താലൂക്ക്,
എറണാകുളം ജില്ല

0.2260 ഹെക്ടർ

(എളംകുളം വില്ലേജ് 0.1445 + പൂണിത്തുറ വില്ലേജ് 0.0815)

അന്തിമ റിപ്പോർട്ട്
തീയതി : 20/05/2025

റിക്വസിഷൻ അധികാരി
കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ. എൽ)

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

# ഉള്ളടക്കം

1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ സാമൂഹിക - സാമ്പത്തിക വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

(ഡി). പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

(ഇ). ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

(എഫ്). സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

(ജി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

(എഫ്). പൊതു അഭിപ്രായ സ്വീകരണം

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം
1.8. പദ്ധതി നേരിട്ടല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ
1.9. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.
1.10. സാമൂഹിക പ്രത്യാഘാതം
1.11. പ്രത്യാഘാത ലഘൂകരണം
1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ
1.13. സാമൂഹിക പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം
1.14. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ
1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

## അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപരസ്യം-ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണം-ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

ചിലവന്നൂർ കനാൽ വികസനം

പൂണിത്തുറ, എളംകുളം വില്ലേജുകൾ, കണയന്നൂർ താലൂക്ക്,

എറണാകുളം ജില്ല

0.2260 ഹെക്ടർ (എളംകുളം വില്ലേജ് 0.1445 + പൂണിത്തുറ വില്ലേജ് 0.0815)

## <u>പഠന റിപ്പോർട്ട്- രത്ന ചുരുക്കം</u>

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

കൊച്ചി നഗരത്തിലെ പ്രധാന കനാലുകളെ പുനഃരുജ്ജീവിപ്പിക്കുന്നതിനും, നഗരത്തിലെ വെള്ളക്കെട്ടിനു ശാശ്വതമായ പരിഹാരം കാണുന്നതിനും, നഗരത്തിലെ മലിനജല സംസ്കരണത്തിനും, കനാലുകളിൽ പണ്ട് നിലവിലുണ്ടായിരുന്ന ജല ഗതാഗതം പുനഃസ്ഥാപിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് "നഗര പുനരുജ്ജീവനവും സമയോചിത ജല ഗതാഗതവും പദ്ധതി" അഥവാ ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പ്രൊജക്റ്റ് (IURWTS PROJECT). പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 7 കനാലുകളാണ്- ഇടപ്പള്ളി കനാൽ, ചിലവന്നൂർ കനാൽ, തേവര കനാൽ, പേരണ്ടൂർ കനാൽ, മാർക്കറ്റ് കനാൽ, കോന്തുരുത്തി കനാൽ, മംഗള വനം കനാൽ, നവീകരിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് വേണ്ടി 1528.27 കോടി രൂപയുടെ ഭരണാനുമതി 12/02/2021-യിൽ നൽകിയിട്ടുള്ളതാണ്. നവീകരിച്ച കനാലിലൂടെ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടപ്പിലാക്കുന്ന, കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായി ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കനാൽ പുനർജ്ജീവനവും ജലഗതാഗതവും രൂപപ്പെടുന്നതിലൂടെ, പുതിയ ഒരു ഗതാഗത സംസ്കാരത്തിന് കൊച്ചി തയ്യാറാക്കപ്പെടും. അതുകൊണ്ട് തന്നെ പദ്ധതി, പൊതു താൽപര്യ പ്രധാനവും സാമൂഹ്യ - സാമ്പത്തിക പുരോഗതിക്ക് സഹായകരവുമാണ്.

### 1.2. പദ്ധതി പ്രദേശം

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ എളംകുളം, പൂണിത്തുറ വില്ലേജുകളിൽപ്പെടുന്ന പദ്ധതി പ്രദേശത്തിന്റെ അഞ്ഞൂറ് മീറ്റർ ചുറ്റളവ് പദ്ധതി പ്രദേശമായി കണക്കാക്കിയാൽ ആയത് എറണാകുളം പട്ടണത്തിന്റെ വ്യാപാര - താമസ പ്രധാനമായ സ്ഥലങ്ങളാണ്. ജനനിബിഡമായ പദ്ധതി പ്രദേശം, താമസ ഭവനങ്ങൾ, താമസ സൗകര്യങ്ങൾ, വ്യാപാര- വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽ നിബിഡമാണ്. ചിലവന്നൂർ ബണ്ട് റോഡ്, വൈറ്റില - വളഞ്ഞമ്പലം റോഡ് എന്നിവയുടെ ഇടയിലായി സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശം, കടവന്ത്ര, വൈറ്റില, കുണ്ടന്നൂർ, തേവര ജംഗ്ഷനുകളുടെ ഇടയിൽ സ്ഥിതി ചെയ്യുന്നു.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

ഭൂമി ഏറ്റെടുക്കൽ പ്രത്യേക തഹസിൽദാർ (കൊച്ചി മെട്രോ) -2 ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

#### (ബി).പദ്ധതി ബാധിതരുടെ സാമൂഹിക - സാമ്പത്തിക വിവരങ്ങൾ

അഞ്ച് ഭൂ ഉടമസ്ഥരുടെ പേരിലുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നത്. അതിൽ നാല് പേർ ഭൂഉടമസ്ഥരായ വ്യക്തികളും ഒരു ഭൂമി ഡി.എൽ.എഫ് ട്രസ്റ്റിന്റെ പേരിലുമാണ്. പദ്ധതി ബാധിതർ എല്ലാം സാമ്പത്തികമായി ഉന്നത നിലവാരത്തിലുള്ളവരും, എല്ലാം സാമ്പത്തിക സാമൂഹ്യ അളവുകോലുകളിലും ഉയർന്ന നിലവാരം പുലർത്തുന്നവരുമാണ്.

#### (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

ചിലവന്നൂർ കനാലിന്റെ ഇരുവശങ്ങളിലും ഉള്ളതും, ചിലവന്നൂർ കനാൽ ബണ്ട് റോഡിനും, വൈറ്റില - വളഞ്ഞമ്പലം റോഡിനും ഇടയിലായി സ്ഥിതിചെയ്യുന്നതും ആറ് സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്നതുമായ മൂന്ന് സ്ഥലങ്ങളിലായി സ്ഥിതിചെയ്യുന്ന പദ്ധതി ഭൂമി, ചമയങ്ങൾ ഇല്ലാത്ത വേക്കന്റ് ഭൂമിയാണ്. എന്നാൽ മൂന്ന് ഭൂമികളിൽ രണ്ട് ഭൂമികൾ - ഒന്ന് വൈറ്റില - വളഞ്ഞമ്പലം റോഡിന് സമീപവും, ഒന്ന് ചിലവന്നൂർ ബണ്ട് റോഡിന് സമീപവും ഉള്ള വാണിജ്യ പ്രധാനമായ ഭൂമികളാണ്. എന്നാൽ ചിലവന്നൂർ കനാൽ നവീകരണം പൂർത്തിയായാൽ മൂന്നാമത്തെ ഭൂമിയും വാണിജ്യ പ്രാധാന്യമുള്ളതായി മാറും.

### 1.4 പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

#### (എ). നടപ്പാക്കൽ ഏജൻസി - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ)

അതിവേഗ ഗതാഗത രംഗത്ത് നൂതന ഗതാഗത മാർഗങ്ങൾ രൂപപ്പെടുത്തുന്നതിനു ആരംഭിച്ച സർക്കാർ പങ്കാളിത്ത സംരംഭം ആണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ആരംഭത്തിൽ അതിവേഗറെയിൽ മേഖലയിൽ മാത്രം ആയിരുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഇന്ന് ജലഗതാഗത മേഖലയിലേക്കും കടന്നു വന്നിരിക്കുന്നു. റെയിൽ, റോഡ്, ജലഗതാഗത സൗകര്യങ്ങളെ ബന്ധിപ്പിക്കുന്ന രാജ്യത്തെ ആദ്യത്തെ മെട്രോ സംവിധാനമാണ് കൊച്ചി മെട്രോ പദ്ധതി.

(ബി).പദ്ധതി നിർവ്വഹണ ഘട്ടം

പദ്ധതി സംബന്ധമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ഭൂമിയുടെ രൂപ രേഖ തയ്യാറാക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി).പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

ബാധകമല്ല

(ഡി).പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

(ഇ). ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

ബാധകമല്ല

(എഫ്).സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

ബാധകമല്ല

(ജി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013 | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും പുനസ്ഥാപനവും |
| 3 | കേരള തണ്ണീർത്തട സംരക്ഷണ നിയമം | തണ്ണീർത്തടങ്ങൾ വികസന കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് |

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ പഠനസമയത്ത് ആരും നിർദ്ദേശിച്ചില്ല

### 1.6 സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

സി.11-4988/21-തീയതി 20, മാർച്ച് 2025, നോട്ടിഫിക്കേഷൻ, കേരള ഗസറ്റ് വിജ്ഞാപനം നമ്പർ 1124 തീയതി 24, മാർച്ച് 2025 പ്രകാരം, കേരള സർക്കാർ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസിനെ എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ പൂണിത്തുറ വില്ലേജിൽപ്പെട്ട ഭൂമി ആതായത് ചിലവന്നൂർ കനാൽ വികസന പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

(ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | ടീം ലീഡർ | 32 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവര ശേഖകൻ | 15 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവര ശേഖക | 22 വർഷത്തെ പ്രവർത്തന പരിചയം |
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 30 വർഷത്തെ പ്രവർത്തി പരിചയം |
| 5. | എം.ഇബ്രാഹിം കുട്ടി | സാമൂഹിക ശാസ്ത്രജ്ഞൻ | Rtd. ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 35 വർഷത്തെ പ്രവർത്തി പരിചയം |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. റവന്യു ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. വില്ലേജ് ഓഫീസർ |

## (സി).പഠന സമീപനം

ആകെ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത് 0.2260 ഹെക്ടർ ഭൂമിയാണ്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക-സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശങ്ങളിലൂടെ യാത്രകൾ സംഘടിപ്പിക്കുകയും ഉണ്ടായി. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

## (ഡി). നടപടികളും സമയക്രമങ്ങളും

24/03/25-സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

27/03/2025 -29/03/2025 - സെക്കണ്ടറി വിവര ശേഖരണം

02/04/2025 -04/04/2025 പദ്ധതി പങ്കാളികളെ / താൽപര്യമുള്ളവരെ കണ്ടെത്തൽ

08/04/2025 - 'ട്രാൻസിറ്റ്' വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ

09/04/2025 -12/04/2025 - സാമൂഹിക സർവ്വേ

26/04/2025 - കരട് റിപ്പോർട്ട്

20/05/2025 - അന്തിമ റിപ്പോർട്ട്

## ഇ. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയബന്ധിതമായ ഭൂമി ഏറ്റെടുക്കൽ പദ്ധതി ബാധിതർ ആവശ്യപ്പെടുന്നു.
2. നഷ്ടപ്പെടുന്ന ഭൂമിക്കും, ചമയങ്ങൾക്കും ന്യായമായ നഷ്ടപരിഹാരം നൽകണം.
3. ശേഷിക്കുന്ന ഭൂമി ഉപകാര പ്രദമല്ലെങ്കിൽ ഏറ്റെടുക്കണം. അല്ലെങ്കിൽ കെട്ടിട നിർമ്മാണ അനുവാദം നൽകണം.

.5. ഇപ്പോഴത്തെ പ്രവേശനമാർഗ്ഗങ്ങൾ പൂർണ്ണമായും പുനസ്ഥാപിച്ച് നൽകണം.

6. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ സംബന്ധമായും, നടത്തിപ്പ് സംബന്ധമായും ഉള്ള വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പദ്ധതിബാധിതരെ അറിയിക്കണം.
7. പുനരധിവാസവും- പുനർവാസവും നടപടികൾ മുൻകൂട്ടി പദ്ധതി ബാധിരെ അറിയിച്ച് അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തണം.

എഫ്. പൊതു അഭിപ്രായ സ്വീകരണ യോഗം

പൊതു അഭിപ്രായ സ്വീകരണ യോഗ സംബന്ധമായ അറിയിപ്പ് പ്രധാന ദിനപത്രങ്ങളായ ജനയുഗം, വീക്ഷണം എന്നിവയിൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി ബാധിതരുടെ മേൽവിലാസത്തിൽ പൊതു അഭിപ്രായ സ്വീകരണ യോഗം സംബന്ധമായ കത്ത് നൽകുകയും, വിശദമായ സന്ദേശം പദ്ധതി ബാധിതരുടെ ഫോണുകളിൽ നൽകുകയും, പദ്ധതി ബാധിതരെ ഫോണിൽ ബന്ധപ്പെടുകയും ഉണ്ടായി. ഇത് കൂടാതെ യോഗം സംബന്ധമായ അറിയിപ്പ് വില്ലേജ് ഓഫീസ്, കോർപ്പറേഷൻ ഓഫീസ് . എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുകയും, ഫോൺ വഴി അറിയിക്കുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ കരട്, നിയമം നിർദ്ദേശിക്കുന്ന എല്ലാ ഓഫീസുകളിലും പൊതുജനങ്ങളുടെ പരിശോധനയ്ക്ക് സഹായകരമായ വിധം പ്രസിദ്ധീകരിക്കുകയും യോഗ ദിവസം റിപ്പോർട്ടിന്റെ പകർപ്പുകൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിൽ ജനപ്രതിനിധികൾ, സ്പെഷ്യൽ തഹസിൽദാർ എൽ.എ, നടപ്പാക്കൽ ഏജൻസി എന്നിവിടങ്ങളിൽ അവരുടെ സാന്നിധ്യം ഉറപ്പാക്കുന്ന വിധം അറിയിപ്പുകൾ നൽകുകയും ഉണ്ടായി.

പൊതു അഭിപ്രായ സ്വീകരണ യോഗങ്ങളിൽ സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ചെയർമാൻ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് പദ്ധതി ബാധിതർ അവതരിപ്പിച്ച അഭിപ്രായങ്ങളും പരാതികളും ക്രോഡീകരിച്ച് താഴെ ചേർക്കുന്നു. യോഗത്തിൽ പങ്കെടുത്ത നടപ്പാക്കൽ ഏജൻസി പ്രതിനിധികളും റവന്യു ഉദ്യോഗസ്ഥരും പദ്ധതി ബാധിതർ ഉന്നയിച്ച സംശയങ്ങൾക്കും നിർദ്ദേശങ്ങൾക്കും മറുപടി നൽകുകയുണ്ടായി. കൂടാതെ രേഖാ മൂലം ലഭ്യമാകുന്ന പരാതികൾക്ക് വേണ്ടത്ര പരിശോധനകൾക്ക് ശേഷം മറുപടി നൽകുന്നതാണ് എന്നും ടി ഉദ്യോഗസ്ഥർ യോഗത്തെ അറിയിച്ചു.

17/05/2025 - ൽ ഡി.എൽ.എഫ്. റിവർ സൈഡ് ഫ്ളാറ്റിൽ വച്ച് നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം- 5, റൂൾ 14 (1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതർ ഉന്നയിച്ച പ്രധാന കാര്യങ്ങൾ.

പൊതു അഭിപ്രായ സ്വീകരണയോഗത്തിൽ ശ്രീമതി. ഷൈനി ചെറിയാൻ, ഡെപ്യൂട്ടി തഹസിൽദാർ (എൽ.എ.നമ്പർ 2) കെ.എം.ആർ.എൽ. ശ്രീമതി. രമ്യ, റെവന്യു ഇൻസ്പെക്ടർ, ശ്രീമതി. ചാന്ദിനി ചന്ദ്രൻ, റെവന്യു ഇൻസ്പെക്ടർ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.നമ്പർ 2) കെ.എം.ആർ.എൽ ഓഫീസ്, ശ്രീ. എൽദോ തോമസ്, ഡി.ജി.എം.-സി. കെ.എം.ആർ.എൽ, ശ്രീമതി. വിദ്യ കൃഷ്ണൻ, ഓവർസീയർ, മുൻസിപ്പൽ കോർപ്പറേഷൻ, വൈറ്റില സോൺ, ശ്രീമതി. ലിജി ചന്ദ്രൻ, ഡി.എൽ.എഫ്. ഓഫീസ്, എന്നിവരും ഭൂ ഉടമസ്ഥരായ പദ്ധതി ബാധിതരും പങ്കെടുത്തു.

| ക്രമ നം. | അഭിപ്രായങ്ങൾ | വിശദീകരണം |
|---|---|---|
| 1. | അഡ്വ. മുഹമ്മദ് സിയാദ്, ( പ്രതിനിധി ശ്രീ. പ്രിയദർശൻ)<br><br>തങ്ങളുടെ ആധാരത്തിലുള്ള ഭൂമിയുടെ അളവിനേക്കാൾ കുറവാണ്, സർക്കാർ വിജ്ഞാപനത്തിൽ കാണിച്ചിരിക്കുന്ന ഏറ്റെടുക്കുന്ന ഭൂമിയുടെ അളവ്. അങ്ങിനെ ആയാൽ ഉപയോഗ ശൂന്യമായ തുണ്ട് ഭൂമി അവശേഷിക്കും. അത് ഉണ്ടാവരുത്. ആധാരത്തിലുള്ള മുഴുവൻ ഭൂമിയും ഏറ്റെടുക്കണം. ന്യായമായ നഷ്ടപരിഹാരം നൽകണം. | ശ്രീമതി. ഷൈനി ചെറിയാൻ, ഡെപ്യൂട്ടി തഹസിൽദാർ (എൽ.എ.നമ്പർ 2) കെ.എം.ആർ.എൽ<br><br>ഭൂമി ഏറ്റെടുക്കൽ നടപടികൾ 2013 - ലെ ഭൂമി ഏറ്റെടുക്കൽ നിയമം 2016 മുതൽ സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് നടക്കുന്നത്. ഭൂമി വില തിട്ടപ്പെടുത്താൻ പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ട്. 4 (1) വിജ്ഞാപനം മുതൽ 12 % പലിശ പദ്ധതിബാധിതർക്ക് നൽകുന്നുണ്ട്. ഭൂമി വില തിട്ടപ്പെടുത്തി അതിന്റെകൂടെ 100 % നഷ്ടപരിഹാരം കൂട്ടിയാണ് ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നത്. മരങ്ങൾ, ചമയങ്ങൾ എന്നിവയുടെ വിലയും പ്രത്യേകം കണക്കാക്കും. ആധാരത്തിൽ ഉള്ള ഭൂമിയിൽ പുറംമ്പോക്ക് ഇല്ലെങ്കിൽ ആ ഭൂമി പൂർണ്ണമായ നഷ്ടപരിഹാരത്തിന് അർഹമാണ്. |
| 2. | ശ്രീ. സേവ്യർ മാത്യു<br><br>ഉടമസ്ഥതയിൽ ഉള്ള മുഴുവൻ ഭൂമിയും ഏറ്റെടുക്കണം ന്യായമായ നഷ്ടപരിഹാരം നൽകണം. | |
| 3. | ശ്രീ. എം.എസ്. നായർ, ഡി.എൽ.എഫ്. റിവർസൈഡ് ഫ്ളാറ്റ് ഓണേഴ്സ്.<br><br>തങ്ങളുടെ ചമയങ്ങൾ എന്തെങ്കിലും ബാധിക്കുമോ ? ബോട്ട്ജെട്ടി ഉണ്ടാവുമോ ? സൗന്ദര്യവത്കരണം നടത്തുന്ന നദീതീരത്തേക്ക് എങ്ങനെയാണ് എത്തപ്പെടുന്നത് ? നഷ്ടപരിഹാരം എങ്ങിനെയാണ് ഫ്ളാറ്റ് ഉടമകൾക്ക് വിതരണം | ശ്രീ. എൽദോ തോമസ്, ഡി.ജി.എം.- സി. കെ.എം.ആർ.എൽ.<br><br>ഡി.എൽ.എഫ്. " ഫ്ളാറ്റിന്റെ മുൻഭാഗമുള്ള നദീതീരത്ത് സൗന്ദര്യവത്കരണം, ഭൂമി ലഭ്യതയുള്ള പ്രദേശങ്ങളിൽ നടപ്പാത എന്നിവയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ചിലവന്നൂർ കനാൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ ജലഗതാഗതത്തിന് ബോട്ട് ജെട്ടികൾ ഉണ്ടാവും.<br>ചമയങ്ങൾ ഒന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഇല്ല. തുണ്ട് ഭൂമികൾ ശേഷിക്കാത്തവിധം ഏറ്റെടുക്കൽ നടത്തുന്നതിന് ശ്രമം നടത്തും. ഏതെങ്കിലും രീതിയിൽ തുണ്ട് ഭൂമികൾ രൂപപ്പെട്ടാൽ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചാൽ ആയതും ഏറ്റെടുക്കാൻ നടപടിയുണ്ടാകും. പദ്ധതിയുടെ രൂപരേഖ ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്. |

| | | |
|---|---|---|
| | ചെയ്യുന്നത് | കൊച്ചി പട്ടണത്തിലെ ആറ് കനാലുകൾ പുനരുജ്ജീവിപ്പിച്ച്, അതിൽ ജലഗതാഗത സൗകര്യം രൂപപ്പെടുത്തുക എന്നതാണ് കനാൽ പുനരുജ്ജീവന പദ്ധതികൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടപ്പാക്കൽ ഏജൻസിയാണ് പദ്ധതി പൂർത്തീകരിച്ച് ഗവൺമെന്റിന് കൈമാറും. |

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

ജലഗതാഗതം സുഗമമാക്കുകയും, പദ്ധതി പ്രദേശത്തെ ഇടറോഡുകളിലെ വാഹന ഗതാഗതം നിയന്ത്രിക്കുകയും ചെയ്യും. പ്രദേശത്തുള്ള താമസഭവനങ്ങൾ, താമസസമുച്ചയങ്ങൾ എന്നിവയിലുള്ള ആളുകൾക്ക് വാഹനഗതാഗതത്തെ ആശ്രയിക്കാതെ വ്യാപാര കേന്ദ്രങ്ങളിൽ എത്താൻ സാധിക്കും. ഇത് ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്ന പദ്ധതി പ്രദേശത്തെ ഭൂമിയുടെ വിപണന വില വർദ്ധിപ്പിക്കുകയും ജീവിത നിലവാരം ഉയർത്തുകയും ചെയ്യും.

1.8. പദ്ധതി നേരിട്ടല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

പദ്ധതി മൂലം ഉണ്ടാവുന്ന ജലഗതാഗത സൗകര്യ വികസനം ആ പ്രദേശത്തെ എല്ലാ താമസ ഭവനങ്ങൾക്കും താമസ സമുച്ചയങ്ങൾക്കും പ്രയോജനകരമാണ്. കൂടാതെ നവീകരിക്കപ്പെടുന്ന ചിലവന്നൂർ പുഴ, പദ്ധതി പ്രദേശത്തെ സാമൂഹ്യ - സാമ്പത്തിക പുരോഗതിക്ക് സഹായകരമാണ്.

1.9. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.

ബാധകമല്ല

1.10. സാമൂഹിക പ്രത്യാഘാതം

അഞ്ച് ഭൂ ഉടമസ്ഥർക്ക് തങ്ങളുടെ സ്വകാര്യ ഭൂമി നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. ഇതിൽ തന്നെ രണ്ട് ഭൂഉടമസ്ഥർക്ക് തങ്ങളുടെ ഭൂമി പൂർണ്ണമായും നഷ്ടപ്പെടുന്നു. അതുകൊണ്ട് തന്നെ പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ ഇവർക്ക് ലഭ്യമാവുന്നില്ല. മറ്റ് മൂന്ന് ഭൂഉടമസ്ഥർ, തങ്ങളുടെ ശേഷിക്കുന്ന ഭൂമി പ്രയോജനപ്രദമല്ലാതെ തുണ്ട് ഭൂമി ആകുമോ എന്ന ആശങ്ക ഉണ്ട്. പദ്ധതി ബാധിതമായ എല്ലാ ഭൂമിയും തരിശ് സ്ഥലങ്ങളാണ്. അതിർത്തി തിരിക്കുന്ന മരങ്ങൾ ഒഴിച്ച് മറ്റ് മരങ്ങൾ ഇല്ലാത്തതും ആണ്. വൈറ്റില കടവന്ത്ര റോഡിന്റെ സമീപം ഉള്ള തികച്ചും വാണിജ്യ പ്രധാനമായ ഭൂമി നഷ്ടപ്പെടുന്ന ഭൂഉടമസ്ഥന്റെ നഷ്ടം എടുത്ത് പറയേണ്ടതാണ്. പദ്ധതി ബാധിതർ ആരും തന്നെ പദ്ധതി പ്രദേശത്ത് വസിക്കുന്നില്ല എന്നതും, അവർക്ക്

ബാധിക്കപ്പെടുന്ന വസ്തുക്കൾക്ക് പുറമെ ഭൂമികൾ ഉണ്ട് എന്നതും, ബാധിക്കുന്ന വസ്തുക്കൾ അവരുടെ ജീവിതോപാധിയുമായി ബന്ധപ്പെട്ടതല്ല എന്നതും, പ്രത്യാഘാതം ലഘൂകരിക്കുന്ന ഘടകങ്ങളാണ്.

### 1.11. പ്രത്യാഘാത ലഘൂകരണം

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | ഭൂമിയുടെ നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽശുക |
| 2. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽശുക |
| 3. | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 4. | കനാലിന്റെ നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 6. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 7. | പരാതി പരിഹാരം | നിയന്ത്രണം | പ്രകൃതത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

### 1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണം നടപടികൾ |
|---|---|---|---|---|---|---|---|
| 1. | ഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 2. | ചമയങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 3. | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങ | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഓരോ പ്രവേശന മാർഗ്ഗങ്ങ |

KERALA ... COLLECTORATE

| | | | | | | | |
|---|---|---|---|---|---|---|---|
| | ളുടെ നഷ്ടം | | | | | | ളെക്കുറിച്ചും പഠനം നടത്തി പുനരധി വാസ- പുനർവാസ രൂപരേഖ യിൽ ഉൾപ്പെടുത്തു ക. |
| 4. | കനാലിന്റെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | കുറഞ്ഞ | ലഘു വായ | കുറഞ്ഞ | പുനസ്ഥാ പനം |
| 6. | പദ്ധതി ബാധി തരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങ ളിൽ ഉൾപ്പെടു ത്തുക. | പോ സി റ്റീവ് | സാധ്യ മാണ് | കുറഞ്ഞ | ലഘു വായ | മധ്യമം | നടപടി ക്രമ ങ്ങളിൽ പദ്ധതി ബാധിത രുടെ പങ്കാ ളിത്തം ഉറപ്പു വരുത്തുക. |
| 7. | പരാതി പരി ഹാരം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തന നിരതമായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തല ത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കു ക. |

1.13. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർമ്മാണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തര വാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരി ഹാരവും |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയി ക്കൽ |

| | |
|---|---|
| കൃഷി ഓഫീസർ | കാർഷിക വിളകളുടെ നഷ്ട പരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

**1.14. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി- പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- ഭൂവുടമകളുടെ ജില്ലാ തല പർച്ചേസിംഗ് കമ്മറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനിയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

**1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

പദ്ധതി ബാധിതമായ ഭൂമികൾ പദ്ധതി ബാധിതരുടെ ജീവിതോപാധികളെ ബാധിക്കുന്നില്ല എന്നതിനാലും, ബാധിക്കപ്പെടുന്ന ഭൂമി താമസ ഭൂമികൾ അല്ല എന്നതും, ചിലവന്നൂർ പുഴയുടെ തീര സംരക്ഷണ പരിധിയിൽ വരുന്നവയാണ് എന്നതും പ്രത്യാഘാതം കുറയ്ക്കുന്ന ഘടകങ്ങളാണ്. എന്നാൽ ഭൂലഭ്യത തുലോം കുറവായ പട്ടണത്തിലുള്ള ഭൂമി എന്ന നിലയിൽ എല്ലാ ബാധിക്കപ്പെടുന്ന ഭൂമികളും സാമ്പത്തിക പ്രാധാന്യം ഉള്ളതും ആയതിന്റെ നഷ്ടം, സാമ്പത്തിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമാണ്. ന്യായമായ നഷ്ടപരിഹാരം ഈ പ്രത്യാഘാതത്തെ ലഘൂകരിക്കാൻ പര്യാപ്തമാണ്. പദ്ധതി ബാധിതരായ രണ്ട് ഭൂഉടമസ്ഥരുടെ ഭൂമി പൂർണ്ണമായും ശേഷിക്കുന്ന രണ്ട് പേരുടെ ഭൂമി 70% 'വും നഷ്ടപ്പെടുന്നതാണ്. അതുകൊണ്ട് തന്നെ പദ്ധതിയുടെ സാമൂഹ്യ - സാമ്പത്തിക നേട്ടങ്ങൾ പദ്ധതി ബാധിതർക്ക് ലഭ്യമാവുന്നില്ല എന്നത്, പ്രത്യാഘാതം വർദ്ധിപ്പിക്കുന്നു. അതുകൊണ്ട് തന്നെ പൂർണ്ണ ഭൂമി നഷ്ടം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കണം എന്ന് പദ്ധതി ബാധിതർ ആവശ്യപ്പെടുന്നു. തങ്ങളുടെ ആധാരത്തിലുള്ള ഭൂ അളവ് പൂർണ്ണമായും വിജ്ഞാപനത്തിൽ കാണിക്കുന്നില്ല എന്ന് രണ്ട് പദ്ധതിബാധിതർ അവകാശപ്പെടുന്നു. എന്നാൽ അവരുടെ ഭൂമി പൂർണ്ണമായും ഏറ്റെടുക്കുന്നവിധം ആണ് അതിർത്തി കല്ലുകൾ സ്ഥാപിച്ചിരിക്കുന്നത്. ഉടമസ്ഥതയിൽ ഉള്ള മുഴുവൻ ഭൂമിയും തുണ്ടുഭൂമി ശേഷിക്കാതെ ഏറ്റെടുക്കണം എന്ന് ഇവർ ആവശ്യപ്പെടുന്നു. ഇത് പ്രത്യാഘാതം വളരെ കുറയ്ക്കുന്ന നിർദ്ദേശമാണ്. എഴുപത് ശതമാനത്തിലധികം ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർ തങ്ങളുടെ ശേഷിക്കുന്ന ഭൂമി കൂടി ഏറ്റെടുക്കുന്നതിന് ശേഷം ഭൂമിയിൽ നിർമ്മാണ അനുമതിയോ ആവശ്യപ്പെടുന്നു. ഇത് പ്രത്യാഘാത ലഘൂകരണ നടപടിയായി കണക്കാക്കാവുന്നതാണ്.

പദ്ധതിയുടെ പൊതുതാൽപര്യം, സാമൂഹ്യ പ്രത്യാഘാതത്തെക്കാൾ കൂടുതലാണ് എന്നതിനാലും പ്രത്യാഘാതത്തെ, ന്യായമായ നഷ്ടപരിഹാരത്തിലൂടെ ലഘൂകരിക്കാൻ സാധിക്കും എന്നതിനാലും, മേൽപറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, തുടർന്ന് സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവയുടെ

അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്, എന്നാണ്.

ചെയർമാൻ

സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം-ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണം-ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

ചിലവന്നൂർ കനാൽ വികസനം

എളംകുളം, പൂണിത്തുറ വില്ലേജുകൾ കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല

(0.2260 ഹെക്ടർ)

ഭൂമിയിലോ, ചമയങ്ങളിലോ ഉടമസ്ഥാവകാശമുള്ള പദ്ധതി ബാധിതർ

എളംകുളം വില്ലേജ്


| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 571/2 pt (571/6) | പ്രിയദർശൻ എസ്. **S/o.** കെ.സി. സോമൻ നായർ ഡോർ നമ്പർ 6, ഓൾഡ് നമ്പർ 55, വീരഭദ്രൻ സ്ട്രീറ്റ്, ചെന്നൈ, വല്ലുവർകോട്ടം, നുങ്കംപാക്കം പി.ഒ. തമിഴ്നാട് - 600 034 | 9176603000 | സ്ഥലം, മതിൽ |


പൂണിത്തുറ വില്ലേജ്

| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 2 | 1031/1 pt 1475/3 pt | എസ്.പ്രകാശ് . **S/o.** സുബ്രഹ്മണ്യൻ **c/o** സെക്രട്ടറി, ഡി.എൽ.എഫ്. റിവർ സൈഡ് കൺഡോമിനിയം ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ, 1013/എഫ്, റിവർ സൈഡ്, വൈറ്റില ലൈൻ നമ്പർ 44, ജനതാറോഡ്, എറണാകുളം - 682 019 | 9207884447 8129339289 | സ്ഥലം |
| 3 | 1475/4 pt | ജിയോ ജോർജ്ജ് ജോർജ്ജ് മകൻ, പുത്തൂക്കാരൻ വീട്ടിൽ അരണാട്ടുകര ദേശം . തൃശ്ശൂർ | | സ്ഥലം |
| 4 | 1475/4-2 1475/4 pt | റോസ് ലാന്റ് തോമസ്, കെ.ജെ. തോമസ് ഭാര്യ കൊച്ചുപുരയ്ക്കൽ വീട്ടിൽ, വില്ല നമ്പർ 19, സ്കൈലൈൻ സിറ്റി പാർക്ക്, ജവഹർ നഗർ, എളംകുളം. **682020** | | സ്ഥലം |
| 5 | 883/2, 1455 | ഡോ. സേവ്യർ മാത്യു. എടക്കാട്ട്കുടി ഹൗസ്, 2/188 എ,മാടവന, പനങ്ങാട് പി.ഒ. എറണാകുളം 682 506 | 9847031969 | സ്ഥലം |

KERALA ... COLLECTORATE P.O.

# PHOTOGRAPHS







## PUBLIC HEARING










KERALA V H S
COLLECTORATE P.O.

ഫാറം 5 ചട്ടം 14 (1)

## വിജ്ഞാപനം

തീയതി: 30/04/2025

ചുവടെ പട്ടികയിൽ വിവരിക്കുന്ന എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ, പൂണിത്തുറ, എളംകുളം വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് TURWTS പദ്ധതിയുടെ ഭാഗമായ ചിലവന്നൂർ കനാൽ വികസനത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ആർ.എഫ്.സി.റ്റി. എൽ.എ.ആർ.ആർ.എ. നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച്, കേരള ഗസറ്റ് തീയതി 2025 മാർച്ച് 24, നം.1124 വിജ്ഞാപനം നമ്പർ - സി 11- 4988/21, തീയതി 2025 മാർച്ച് 20, അനുസരിച്ച് പ്രകാരം താഴെപറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപര്യങ്ങളോ ഉള്ള ആളുകളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 17/05/2025 രാവിലെ 10.30 മണിക്ക് ഡി.എൽ.എഫ്. റിവർ ഷോർസ് ഫ്ലാറ്റ് 1013/എഫ്, റിവർ ഷോർസ്, വൈറ്റില ലൈൻ നമ്പർ 44, ജനതാ റോഡ്, എറണാകുളം -ൽ വച്ച് നടത്തപ്പെടുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നമ്പർ | വിവരണം | വി. ഹെക്ടർ | പേര് |
|---|---|---|---|---|
| 1 | എളംകുളം വില്ലേജ് 571/2pt (571/6) പൂണിത്തുറ വില്ലേജ് 1031/1 pt, 883/2, 1455, 1475/3 pt, 1475/4 pt, 1475/4-2 | പുരയിടം നിലം | 0.1445<br>0.0815 | പ്രിയദർശൻ എസ്.<br>എസ്. പ്രകാശ്, c/o സെക്രട്ടറി, ഡി.എൽ.എഫ്., ജിയോ ജോർജ്, ജോസ് ഹെന്റി തോമസ്, ഡോ. സോഫി മാത്യു |
| | ആകെ വിസ്തീർണ്ണം | | 0.2260 | |

ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

ഫാറം 5 ചട്ടം 14 (1)

## വിജ്ഞാപനം

തീയതി: 30/04/2025

ചുവടെ പട്ടികയിൽ വിവരിക്കുന്ന എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ, പൂണിത്തുറ, എളംകുളം വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് IURWTS പദ്ധതിയുടെ ഭാഗമായി ചിലവന്നൂർ കനാൽ വികസനത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാവേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നു. ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ.എ. നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരള ഗസറ്റ് തീയതി 2025 മാർച്ച് 24, നം.1124 വിജ്ഞാപനം നമ്പർ - ഡി11-4986/21, തീയതി, 2025 മാർച്ച് 20, [illegible] പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താത്പര്യങ്ങളോ ഉള്ള ആളുകളോ, ബാധിക്കപ്പെടുന്ന ആളുകളോ, 17/05/2025 രാവിലെ 10.30 മണിക്ക് [illegible] എറണാകുളം-[illegible] വച്ച് നടത്തപ്പെടുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നമ്പർ | വിവരണം | വി. ഹെക്ടർ | പേര് |
|---|---|---|---|---|
| 1 | എളംകുളം വില്ലേജ് 571/2pt (571/6)<br>പൂണിത്തുറ വില്ലേജ് 1031/1 pt, 883/2, 1455, 1475/3 pt, 1475/4 pt, 1475/4-2 | പുരയിടം നിലം | 0.1445<br>0.0815 | പ്രിയദർശൻ എസ്<br>എസ്. പ്രകാശ്, [illegible] |
| | ആകെ വിസ്തീർണ്ണം | | 0.2260 | |

ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

സ്വീകർത്താവ്,

നോട്ടീസ് / അറിയിപ്പ്

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ, പൂണിത്തുറ, എളംകുളം വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ ഭാഗമായ, ചിലവന്നൂർ കനാൽ വികസനത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2025 മാർച്ച് 24, നം.1124, വിജ്ഞാപനം നമ്പർ - സി11-4988/21, തീയതി, 2025 മാർച്ച് 20, അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏറ്റെടുക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ, 2025 മെയ് മാസം 17 - ാം തീയതി, രാവിലെ 10.30 മണിക്ക്, ഡി.എൽ.എഫ്. റിവർ സൈഡ് ഫ്ളാറ്റ്, 1013/എഫ്, റിവർ സൈഡ്, വൈറ്റില ലൈൻ നമ്പർ 44, ജനതാറോഡ്, എറണാകുളം -ൽ വച്ചു നടത്തപ്പെടുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

സ്ഥലം : കോട്ടയം
തീയതി : 30/04/2024

ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

കൂടുതൽ വിവരങ്ങൾക്ക് : 9447724538, 9495686885

# സാമൂഹിക പ്രത്യാഘാത പഠനം

## ചിലവന്നൂർ കനാൽ വികസനം

പൂണിത്തുറ, എളംകുളം വില്ലേജുകൾ, കണയന്നൂർ താലൂക്ക്,
എറണാകുളം ജില്ല (0.2260 ഹെക്ടർ)

## പൊതു അഭിപ്രായ സ്വീകരണം

സ്ഥലം : ഡി.എൽ.എഫ്. റിവർ സൈഡ് ഫ്ളാറ്റ്, 1013/എഫ്, റിവർ സൈഡ്, വൈറ്റില, ജനതാറോഡ്, എറണാകുളം

തീയതി : 17/05/2025, സമയം 10.30 എ. എം.

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | സർവ്വേ നമ്പർ | ഒപ്പ് |
|---|---|---|---|---|
| 1 | Eldho Thomas<br>DGM-CIVIL<br>KMRL | 8281707041 | | [signature] |
| 2. | Shiny cherian<br>Deputy Tahsildar<br>KMRP LA No: 2 | 94470 44449 | | [signature] |
| 3. | Remya . K . R<br>Revenue Inspector<br>KMRP LA No. 2 | 6282543769 | | [signature] |
| 4. | Chandni Chandran<br>Revenue Inspector<br>O/o Spl. Tahsildar(LA)<br>KMRP-II | 9895276854 | | [signature] |
| | | | | |

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | സർവ്വേ നമ്പർ | ഒപ്പ് |
|---|---|---|---|---|
| 5 | Vidhyakrishnan<br>overseer<br>KMC, Vyttila zone | 6282793404 | | [signature] |
| 6 | ADV. MOHAMMED SIYAD<br>REPRESENTING<br>PRIYADARSHAN | 9847052666 | | [signature] |
| 7 | MANU MATHEW<br>c/o<br>Priyadarsham | 8129404010 | | [signature] |
| 8 | Xavin Mathew<br>2/188 Madavana<br>BKM | 9517770023 | | [signature] |
| 9 | M. S. NAIR<br>C/101 RIVERSIDE<br>OWNER & RESIDENT | 85898 70887 | | [signature] |
| 10 | MOHAN PILLAI<br>RSD 081, RIVERSIDE<br>OWNER & RESIDENT | 920 77000 41 | | [signature] |
| 11 | THOMAS ALEX<br>E161, RIVERSIDE<br>OWNER RESIDENT | [illegible] | | [signature] |
| 12 | Viji Chandran<br>DLF Home Developers Ltd.<br>Seaport Airport Road<br>Kakkanad CSEZ P.O, Chn-37 | 9895762717 | | [signature] |

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | സർവ്വേ നമ്പർ | ഒപ്പ് |
|---|---|---|---|---|
| 13 | Preeti Nair<br>DLF Riverside, D081<br>Vyttilla. | 9207700041 | | Lakshmi Nair |
| 14 | MALLIKA RAMACHANDRAN<br>DLF Riverside | 9910635588 | | [illegible] |
| 15 | Abhilash Varghese<br>E192, Riverside. | 98472 95702 | | [illegible] |
| 16 | SANTOSH NAIR<br>DLF RIVERSIDE | 9820067477 | | [illegible] |
| | | | | |
| | | | | |
| | | | | |
| | | | | |

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2025 മാർച്ച് 24<br>24th March 2025<br>1200 മീനം 10<br>10th Meenam 1200<br>1947 ചൈത്രം 3<br>3rd Chaithra 1947 | നമ്പർ<br>No. | 1124 |

ഫോറം നമ്പർ 4

[റൂൾ 11(3) കാണുക]

### വിജ്ഞാപനം

നമ്പർ: സി11-4988/21

*2025 മാർച്ച് 20.*

താഴെ പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് IURWTS പദ്ധതിയുടെ ഭാഗമായ ചിലവന്നൂർ കനാൽ വികസനത്തിനുവേണ്ടി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക് എളംകുളം വില്ലേജിലെ 0.1445 ഹെക്ടർ ഭൂമിയും പൂണിത്തുറ വില്ലേജിലെ 0.0815 ഹെക്ടർ ഭൂമിയും ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകാനിടയുണ്ടെന്നോ, കേരള സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ടും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം വകുപ്പ് 4(1) പ്രകാരം (2013 ലെ കേന്ദ്ര നിയമം 30) നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട് കേരള സർക്കാർ താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന ഭൂമി സംബന്ധിച്ച് ഒരു സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്;

ആയതുകൊണ്ട് ഇപ്പോൾ എറണാകുളം ജില്ലയിലെ ബന്ധപ്പെട്ട പ്രദേശങ്ങളിൽ നിയമാനുസൃതം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും, ഒരു സാമൂഹിക പ്രത്യാഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്, മുള്ളക്കുഴി എന്ന സ്ഥാപനത്തെ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് എന്ന നിലയ്ക്ക് അധികാരപ്പെടുത്തിയിരിക്കുന്നു. മേൽ പ്രവൃത്തി ഏതു സാഹചര്യത്തിലും 2 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

**ഭൂമിയുടെ വിവരങ്ങൾ**

ജില്ല-എറണാകുളം.

*താലൂക്ക്*-കണയന്നൂർ. *വില്ലേജ്*-എളംകുളം.

(ഏകദേശ വിസ്തീർണ്ണം തന്നിരിക്കുന്നു)

| ക്രമ നമ്പർ | ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | പൊന്നുംവില സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|---|
| 1 | | 571/2Pt | | നിലം | 0.1445 |
| | | | | ആകെ | 0.1445 |

*താലൂക്ക്*-കണയന്നൂർ. *വില്ലേജ്*-പൂണിത്തുറ.

| ക്രമ നമ്പർ | ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | പൊന്നുംവില സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|---|
| 1 | | 1031/1Pt | | നിലം | 0.0160 |
| 2 | | 883/2 | | പുരയിടം | 0.0283 |
| 3 | | 1455 | | പുരയിടം | 0.0202 |
| 4 | | 1475/4Pt | | പുരയിടം | 0.0165 |
| 5 | | 1475/3Pt | | പുരയിടം | 0.0005 |
| | | | | ആകെ | 0.0815 |

(ഒപ്പ്)
ജില്ലാ കളക്ടർ
*എറണാകുളം.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM NO.4
[See rule 11(3)]

# NOTIFICATION

*No.C11-4988/21* *20th March 2025.*

WHEREAS, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the land acquisition of 0.1445 Ha. of land in Kanayannur Taluk Elamkulam Village and 0.0815 Ha. of land in Poonithura Village of Ernakulam District for the development of Chilavannoor Canal as part of the Integrated Urban Regeneration & Water Transport System (IURWTS) Project of Kochi Metro Rail Limited;

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct Social Impact Assessment in the area specified in the schedule below;

NOW, THEREFORE, sanction is accorded to the Social Impact Assessment Unit, viz. Kerala Voluntary Health Services, Mullankuzhi to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period of two months in any case.

SCHEDULE

*District*-Ernakulam.

*Taluk-Kanayannur.* *Village-Elamkulam.*

(The extent given is approximate)

| Sl. No. | Block No. | Survey No. | Survey Number under acquisition | Description | Extent |
|---|---|---|---|---|---|
| 1 | | 571/2pt | | Wet | 0.1445 |
| | | | | **Total** | **0.1445** |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

*Taluk–Kanayannur.*

*Village–Poonithura.*

| Sl. No. | Block No. | Survey No. | Survey Number under acquisition | Description | Extent |
|---|---|---|---|---|---|
| 1 | | 1031/1Pt | | Wet | 0.0160 |
| 2 | | 883/2 | | Dry | 0.0283 |
| 3 | | 1455 | | Dry | 0.0202 |
| 4 | | 1475/4Pt | | Dry | 0.0165 |
| 5 | | 1475/3Pt | | Dry | 0.0005 |
| | | | | **Total** | **0.0815** |

(Sd.)
DISTRICT COLLECTOR,
*Ernakulam.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.03.24 06:14:37 +05:3(